പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 225

04.06.2018 ൽ
മറുപടിയ്ക്ക്

## കോടതി വിധികൾ മലയാളത്തിൽ ലഭ്യമാക്കൽ

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ

(എ) സംസ്ഥാനത്ത് കോടതിവിധികൾ ഔദ്യോഗിക ഭാഷയായ മലയാളത്തിൽ വേണമെന്ന സർക്കാരിന്റെ ആവശ്യം അംഗീകരിക്കപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ കോടതി വിധികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പരിഭാഷപ്പെടുത്തുന്നില്ലെങ്കിൽ ആയത് ചെയ്യുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മറുപടി

പിണറായി വിജയൻ
(മുഖ്യമന്ത്രി)

(എ) യും (ബി) യും (സി) യും കോടതി ഭാഷ മലയാളമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബഹു.ഹൈക്കോടതിയുമായി കൂടി ആലോചിച്ച് നടപ്പിൽ വരുത്തി കൊണ്ടിരിക്കുകയാണ്. കീഴ് കോടതികളിൽ നിലവിൽ ഹർജികൾ ഫയൽ ചെയ്യുന്നതും (Pleadings) സാക്ഷി വിസ്താരവും മലയാളത്തിലാണ് നടക്കുന്നത്. കോടതി വിധികളുടെ പകർപ്പ് മലയാളത്തിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ മുൻസിഫ് മജിസ്ട്രേറ്റ് കോടതികളിൽ 222 പരിഭാഷകരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് കോടതി ഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് രൂപീകരിച്ച ഔദ്യോഗികഭാഷാ ഉന്നതതലസമിതിയുടെ 16.04.2018 തീയതിയിലെ മീറ്റിംഗിൽ തീരുമാനമായിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ